നെൽകൃഷി വികസന പദ്ധതിയിൽ ഈ വർഷം 11,614 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടക പദ്ധതിയിലൂടെ നെൽകൃഷിയുടെ വിവിധ ഉല്പാദനോപാധികൾക്കുള്ള ധനസഹായമായി ഹെക്ടറിന് 5,500 രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകിവരുന്നു. സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടക പദ്ധതിക്കായി നടപ്പുവർഷം 8,584.84 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഏതു സ്ഥലത്ത് നെൽകൃഷി ചെയ്യുന്നവർക്കാണ് ധനസഹായം ലഭിക്കുന്നതെന്ന് അറിയിക്കാമോ?

ഗ്രൂപ്പടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് സമഗ്ര നെൽക്കൃഷി വികസനപദ്ധതിയിൽ സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടകം ഉൾപ്പെടുത്തിയിട്ടുള്ളത്. പാടശേഖര സമിതി മുഖാന്തരം നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ആനുകൂല്യത്തിന് കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് പ്രത്യേക നിബന്ധനയില്ല.

(സി) നെൽകർഷകർക്ക് നൽകുന്ന ഈ ധനസഹായം വെട്ടിക്കുറച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. സുസ്ഥിര വികസന പദ്ധതി പ്രകാരം ഒരു ഹെക്ടറിന് നൽകുന്ന ധനസഹായ തുകയിൽ യാതൊരു കുറവും വരുത്താതെയാണ് പദ്ധതി ഈ വർഷവും നടപ്പാക്കുന്നത്. 2021-22 വർഷത്തിൽ സുസ്ഥിര നെൽകൃഷി വികസനത്തിന് മാത്രമായി ഹെക്ടറിന് 5,500 രൂപ പ്രകാരം 8,584.84 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

ഷൊർണ്ണൂർ മണ്ഡലത്തിലെ നെൽകൃഷി

41 (1026) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ എത്ര ഹെക്ടർ നെൽകൃഷിയുണ്ടെന്ന വിവരം നൽകാമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ 869 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് മണ്ഡലത്തിൽ ആവിഷ്കരിച്ചിട്ടുള്ളത്; ഇവയുടെ കണക്ക് നൽകാമോ?

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നെൽകൃഷി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, ജനകീയാസൂത്രണ പദ്ധതികൾ എന്നിവ വഴി ആനുകൂല്യം നൽകിവരുന്നുണ്ട്. കൂടാതെ കർഷകർ ഉൽപ്പാദിപ്പിച്ച നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരണം നടത്തിവരുന്നു. നെൽകൃഷി വികസന പദ്ധതിയിലെ ഘടകമായ സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഹെക്ടറിന് 5,500 രൂപയും രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി ഹെക്ടറിന് 3,000 രൂപയും ഉഴവുകൂലിയായി ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് 17,000 രൂപയും ഉൽപ്പാദന ബോണസ് ഇനത്തിൽ ഹെക്ടറൊന്നിന് 1,000 രൂപയും ഓരോ വിളകൾക്കും സബ്സിഡി നൽകി വരുന്നുണ്ട്.

(സി) മണ്ഡലത്തിലെ നെൽകൃഷി നാശത്തെക്കുറിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമാണോ; എങ്കിൽ എത്രയാണെന്ന് അറിയിക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പുസാമ്പത്തിക വർഷം വിരിപ്പ് സീസണിൽ 2.4 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയ്ക്ക് നാശം സംഭവിച്ചിട്ടുണ്ട്.

നല്ല ഇനം നെൽ വിത്തുകൾ നല്കാൻ നടപടി

42 (1027) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകർക്ക്, പ്രത്യേകിച്ച് കുട്ടനാട്ടിലെ കൃഷിക്കാർക്ക് നല്ലയിനം നെൽവിത്ത് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ നെൽകൃഷിക്ക് ആവശ്യമായുള്ള വിത്ത് വിതരണം മുഖ്യമായി നടത്തുന്നത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയാണ്. അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തിനങ്ങൾ പാടശേഖര സമിതികൾ/ വ്യക്തിഗത കർഷകർ എന്നിവർ രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി പ്രകാരം ഉൽപ്പാദിപ്പിക്കുന്നു. ആയത് സംസ്ഥാന വിത്തുപരിശോധനാ ലാബിൽ പരിശോധന നടത്തി ഗുണമേന്മ ഉറപ്പ് വരുത്തിയശേഷം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.)-യുടെ അന്തിമാനുമതിക്ക് വിധേയമായി കർഷകരിൽനിന്നും സംഭരിച്ച്